REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-06-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പത്താമത് അന്താരാഷ്ട്ര യോഗ ദിനം ഇന്ന് രാജ്യമെങ്ങും ആഘോഷിക്കുന്നു.ശ്രീനഗറിൽ അന്താരാഷ്ട്ര യോഗ ദിനാചരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകി.
- 18-ാം ലോക്സഭയുടെ പ്രോടേം സ്പീക്കറായി ഭർതൃഹരി മഹ്താബിനെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു.
- KSRTC ജീവനക്കാർക്ക് പ്രതിമാസ ശമ്പളം ഒറ്റത്തവണയായി നൽകാൻ തീരുമാനം.
- സംസ്ഥാനത്ത് കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ എട്ടിൽ ഇന്ത്യ അഫ്ഗാനിസ്താനെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പത്താമത് അന്താരാഷ്ട്ര യോഗ ദിനം ഇന്ന് രാജ്യമെങ്ങും ആഘോഷിക്കുന്നു. ശ്രീനഗറിലെ ഇന്റർനാഷണൽ കോൺഫറൻസ് സെന്ററിൽ അന്താരാഷ്ട്ര യോഗ ദിനാചരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകി. ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട 7,000-ത്തിലധികം ആളുകൾ ദാൽ തടാകത്തിന്റെ തീരത്ത് പ്രധാനമന്ത്രിക്കൊപ്പം ഒത്തുകൂടി. ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, കേന്ദ്രമന്ത്രി പ്രതാപാറാവ് ഗണപതിറാവു

**ജാദവ് തുടങ്ങി നിരവധി പ്രമുഖരും പ്രധാനമന്ത്രി നയിക്കുന്ന പരിപാടിയിൽ പങ്കെടുത്തു.**

✪✪✪

**യോഗയുടെ വ്യാപകമായ സ്വാധീനം ആഗോളതലത്തിൽ, പ്രതിഫലിപ്പിക്കുന്ന ആഘോഷങ്ങളിൽ വിദേശത്തെ എംബസികളും ഇന്ത്യൻ മിഷനുകളും പങ്കുചേരുന്നുണ്ട് .**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്).......**

**'യോഗ വ്യക്തിക്കും സമൂഹത്തിനും' എന്നതാണ് ഈ വർഷത്തെ പ്രമേയം. വ്യക്തി ക്ഷേമവും സാമൂഹിക ഐക്യവും പരിപോഷിപ്പിക്കുന്നതിൽ യോഗയുടെ നിർണായക പങ്ക് എടുത്തു പറയുന്നതാണ് പ്രമേയം.**

**യോഗ പരിശീലനത്തിലൂടെ ആഗോള ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിനു സന്ദേശവുമായി ആയിരക്കണക്കിന് പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരികയാണ് ലക്ഷ്യം.**

**യോഗയുടെ പ്രയോജനങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിന്, ഗ്രാമപ്രദേശങ്ങളിൽ യോഗയുടെ വ്യാപനവും അടിസ്ഥാന ജനപങ്കാളിത്തവും പ്രോത്സാഹിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും കത്തെഴുതിയിട്ടുണ്ട്.**

**2015 ലാണ് അന്താരാഷ്ട്ര യോഗാ ദിനം ആരംഭിച്ചത്.**

✪✪✪

**യോഗയെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കാൻ ഏഴ് കോടിയിലധികം ഇന്ത്യക്കാർ ഓൺലൈനിൽ പ്രതിജ്ഞയെടുത്തുവെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപറാവു ഗണപത് റാവു ജാദവ് അറിയിച്ചു . ഈ വർഷം പൗരന്മാർക്കിടയിൽ, പ്രത്യേകിച്ച് കുട്ടികൾക്കിടയിൽ യോഗയെ ജനപ്രിയമാക്കുന്നതിനു ആയുഷ് മന്ത്രാലയത്തിന് പരിപാടിയുണ്ടെന്നും അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ആകാശവാണി ന്യൂസിന് നൽകിയ അഭിമുഖത്തിൽ ജാദവ് പറഞ്ഞു.**

✪✪✪

യോഗ ഒരു പ്രത്യേക വിഭാഗവുമായോ മതവുമായോ ബന്ധപ്പെട്ടതല്ലെന്നും ലോകം മുഴുവൻ ഒരു കുടുംബമാണെന്ന ചിന്തയാണെന്നും മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് പറഞ്ഞു. യോഗാഭ്യാസം ആളുകളെയും സമൂഹങ്ങളെയും ഒന്നിപ്പിക്കുന്നുവെന്നും ഒരു ജനതയെ മറ്റൊരു രാജ്യവുമായി ബന്ധിപ്പിക്കാൻ കഴിവുണ്ടെന്നും കോവിന്ദ് ആകാശവാണി ന്യൂസിനോട് പറഞ്ഞു. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഐക്യമാണ് യോഗയുടെ അർത്ഥമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാന ആയുഷ് വകുപ്പിന്റെയും, നാഷണൽ ആയുഷ് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് അന്താരാഷ്ട്ര യോഗ ദിനാചരണം സംഘടിപ്പിക്കും. രാവിലെ സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടി മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

യോഗയുടെ അടിസ്ഥാന മുറകൾ ഉൾപ്പെടുത്തി യോഗ സെഷനും സംഘടിപ്പിക്കും.

✪✪✪

കോവളം, കേരള ആർട്ട് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ കേന്ദ്ര ടൂറിസം മന്ത്രാലയം സംഘടിപ്പിച്ച സമൂഹ യോഗാഭ്യാസ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.

✪✪✪

കോഴിക്കോട്ട് BJP ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിലും, ഭാരതിയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിലും യോഗദിനാചരണം സംഘടിപ്പിക്കും.

നാഷണൽ ആയുഷ്മിഷൻ, ഹോമിയോപതി വകുപ്പ്, ഹോമിയോപതി മെഡിക്കൽ കോളെജ് NSS യൂണിറ്റും സംയുക്തമായി രാവിലെ യോഗ പരിശീലന കളരിയും യോഗാസന പ്രകടനവും യോഗാ ഡാൻസും ഹോമിയോ കോളെജ് ഓഡിറ്റോറിയത്തിൽ നടക്കും.

✪✪✪

മാഹി നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ പന്തക്കൽ ജവഹർ നവോദയ വിദ്യാലയത്തിൽ യോഗ മഹോത്സവം സംഘടിപ്പിച്ചു.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രാവിലെ പത്തിന് യോഗ ദിനാചരണ പരിപാടി സംഘടിപ്പിക്കും.

✪✪✪

കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കോട്ടയം ഫീൽഡ് ഓഫീസിന്റെ അഭിമുഖ്യത്തിൽ മുത്തോലി പഞ്ചായത്ത് ഹാളിൽ യോഗാ ദിനാചരണം സംഘടിപ്പിക്കും.

✪✪✪

18-ാം ലോക്സഭയുടെ പ്രോടേം സ്പീക്കറായി ഭർതൃഹരി മഹ്താബിനെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയിൽ പ്രോടേം സ്പീക്കറെ സഹായിക്കാൻ കൊടിക്കുന്നിൽ സുരേഷ്, T R ബാലു, രാധാമോഹൻസിംഗ്, ഫഗ്ഗൻ സിംഗ് കുലസ്തെ, സുദീപ് ബന്ദോപാധ്യായ എന്നിവരെയും രാഷ്ട്രപതി നിയമിച്ചതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സാമൂഹിക മാധ്യമ പോസ്റ്റിൽ അറിയിച്ചു. ബുധനാഴ്ച നടക്കുന്ന സ്പീക്കർ തിരഞ്ഞെടുപ്പ് വരെ പ്രോ ടേം സ്പീക്കർ തുടരും.

18-ാം ലോക്സഭയുടെ ആദ്യ സമ്മേളനം തിങ്കളാഴ്ചയാണ് ആരംഭിക്കുന്നത്. ആദ്യ ദിനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കും. രാജ്യസഭാ സമ്മേളനം അടുത്ത വ്യാഴാഴ്ചയാണ് ആരംഭിക്കുന്നത്. ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും.

പാർലമെന്റ് സമ്മേളനം അടുത്ത മാസം മൂന്നിന് സമാപിക്കും.

✪✪✪

UGC നെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് CBI കേസെടുത്തു. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ഐപിസി 120 ബി, 420 വകുപ്പുകൾ പ്രകാരം കേസെടുത്തത്.

കഴിഞ്ഞ ചൊവ്വാഴ്ച രാജ്യത്തെ വിവിധ നഗരങ്ങളിൽ രണ്ട് ഷിഫ്റ്റുകളിലായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തിയ UGC നെറ്റ് പരീക്ഷ ഗവൺമെന്റ് റദ്ദാക്കിയിരുന്നു.

✪✪✪

മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ഡൽഹി കോടതി ജാമ്യം അനുവദിച്ചു. റോസ് അവന്യൂ കോടതി അവധിക്കാല ജഡ്ജി ന്യായ് ബിന്ദുവാണ് ജാമ്യം അനുവദിച്ചത്. കെജ്രിവാൾ ഇന്ന് ജയിൽ മോചിതനാകും.

ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് മാർച്ച് 21 നാണ് കെജരിവാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്.

✪✪✪

KSRTC ജീവനക്കാർക്ക് പ്രതിമാസ ശമ്പളം ഒറ്റത്തവണയായി നൽകും. ഇതിന് ഗവൺമെന്റ് സഹായം ലഭ്യമാക്കും. KSRTC യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തീരുമാനം. പ്രതിമാസ ശമ്പളം ഒറ്റത്തവണയായി കൊടുക്കുന്നതിന് KSRTC ക്രമീകരണം ഏർപ്പെടുത്തും. ഇതിനാവശ്യമായ പിന്തുണ ഗവൺമെന്റ് നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവുമുണ്ട്.

തിങ്കളാഴ്ച വരെ കർണാടക, കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 55 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റു വീശാൻ സാധ്യതയുണ്ടെന്നും മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

റവന്യു വകുപ്പിന്റെ വിഷൻ ആന്റ് മിഷൻ 2021-26 പരിപാടിയുടെ ഭാഗമായ നാലാമത് ജില്ലാ റവന്യു അസംബ്ലിക്ക് തിരുവനന്തപുരത്ത് തുടക്കമായി. മലപ്പുറം ജില്ലയുടെ റവന്യു വിഷയങ്ങളാണ് മന്ത്രി K രാജന്റെ അധ്യക്ഷതയിൽ ആദ്യദിവസം ചർച്ച ചെയ്തത്. ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി V അബ്ദുറഹിമാൻ, ജില്ലയിലെ MLA മാർ തുടങ്ങിയവർ പങ്കെടുത്തു. ഭൂമി തരംമാറ്റം പ്രക്രിയ അടുത്ത മാസം

ഒന്നിന് ആരംഭിക്കാൻ നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി അറിയിച്ചു.

കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനായി വിമാനത്താവള അതോറിറ്റി അപേക്ഷിച്ച ഭൂമിയിലെ ക്രയവിക്രയ പ്രശ്നം പരിഹരിക്കുന്നതിന് ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിയ്ക്കാൻ മന്ത്രി മലപ്പുറം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി.

പട്ടയം, ഭൂമിതരംമാറ്റം എന്നിവയിൽ ചില ചട്ടഭേദഗതികൾ ആവശ്യമായി വരുന്നുണ്ടെന്നും ഇതിന്റെ പ്രാഥമിക ചർച്ചകൾക്കായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്ന് ചേരാനിരുന്ന യോഗം അടുത്ത ആഴ്ചയിലേക്ക് മാറ്റിയതായും മന്ത്രി രാജൻ അറിയിച്ചു.

✪✪✪

കാക്കനാട് DLF ഫ്ളാറ്റ് സമുച്ചയത്തിൽ നിന്ന് ആരോഗ്യ വകുപ്പ് പരിശോധനയ്ക്ക് അയച്ച സാമ്പിളുകളിൽ ഫലം ലഭിച്ച മൂന്നെണ്ണത്തിൽ കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം സ്ഥിരീകരിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു.

വെള്ളത്തിന്റെ ഗുണനിലവാരം മോശമാണ് എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സൂപ്പർ ക്ലോറിനേഷൻ നടത്തി വരികയാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

തിരൂരിൽ ഓട്ടമാറ്റിക് ഗേറ്റിന് ഇടയിൽ കുടുങ്ങി 9 വയസ്സുകാരൻ മരിച്ചു. വിവരമറിഞ്ഞ കുട്ടിയുടെ വല്യുമ്മ ആശുപത്രിയിൽ കുഴഞ്ഞു വീണു മരിച്ചു. വൈലത്തൂർ ചിലവിൽ മുഹമ്മദ് സിനാനാണ് ഗേറ്റിനിടയിൽ കുടുങ്ങി മരിച്ചത്. വിവരമറിഞ്ഞ് ആശുപത്രിയിലെത്തിയ കുട്ടിയുടെ പിതാവിന്റെ ഉമ്മ പാങ്ങ് കല്ലങ്ങാട്ടു കുഴിയിൽ ആസ്യ രാത്രി 12 മണിയോടെ കുഴഞ്ഞു വീണു മരിച്ചു.

ഇന്നലെ വൈകിട്ട് അടുത്ത വീട്ടിലെ ഓട്ടമാറ്റിക് ഗേറ്റ് കടന്ന് പള്ളിയിലേക്ക് നമസ്കാരത്തിനു പോകുമ്പോഴാണ് കുട്ടി ഗേറ്റിൽ കുടുങ്ങിയത്.

✪✪✪

ഇടുക്കി മൂന്നാർ കല്ലാറിന് സമീപം ആന സഫാരി കേന്ദ്രത്തിൽ ആനയുടെ ചവിട്ടേറ്റ് രണ്ടാം പാപ്പാൻ മരിച്ചു. കാസർകോട് നീലേശ്വരം സ്വദേശി ബാലകൃഷ്ണനൻ ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് സഫാരിക്ക്

ശേഷം തളക്കുന്നതിനിടയിലാണ് ആന രണ്ടാം പാപ്പാനെ ചവിട്ടി കൊന്നത്.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ എട്ടിൽ ഇന്ത്യ അഫ്ഗാനിസ്താനെ 47 റൺസിന് തോൽപ്പിച്ചു. ബാർബഡോസിൽ ടോസ് നേടി ആദ്യം ബാറ്റുചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 181 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ അഫ്ഗാനിസ്താൻ 20 ഓവറിൽ 134 റൺസെടുത്ത് പുറത്തായി.

സൂപ്പർ എട്ട് റൗണ്ടിൽ ഇന്ത്യൻ സമയം രാവിലെ ആറിന് ആന്റിഗ്വയിൽ ആരംഭിച്ച ആദ്യ മത്സരത്തിൽ ബംഗ്ലാദേശിനെതിരെ ഓസ്ട്രേലിയക്ക് 141 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 140 റൺസെടുത്തു.

സെന്റ് ലൂസിയയിൽ ഇന്ത്യൻ സമയം രാത്രി എട്ടിന് ഇംഗ്ലണ്ട് ദക്ഷിണാഫ്രിക്കയെ നേരിടും.

✪✪✪

യൂറോ കപ്പ് ഫുട്ബോളിൽ സ്പെയിൻ പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. നിലവിലെ ജേതാക്കളായ ഇറ്റലിയെ ഒരു ഗോളിനാണ് സ്പെയിൻ പരാജയപ്പെടുത്തിയത്.

ഇന്ന് വൈകീട്ട് 6.30 ന് സ്ലോവാക്കിയ ഉക്രയിനെയും, 9.30 ന് പോളണ്ട് ഓസ്ട്രിയയെയും നേരിടും.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരം ഇന്ന് അവസാനിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 2024 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ് തികഞ്ഞവർക്ക് പേര് ചേർക്കാം.

ഉടൻ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന 50 വാർഡുകൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്.

✪✪✪

ജനങ്ങൾക്ക് വേണ്ടി സംസാരിച്ചുകൊണ്ടാണ് സക്കറിയ സ്വീകാര്യനാവുന്നതെന്ന് എഴുത്തുകാരൻ M. മുകുന്ദൻ പറഞ്ഞു. മാതൃഭൂമി സാഹിത്യ പുരസ്കാരം കോഴിക്കോട്ട് നടന്ന ചടങ്ങിൽ, സക്കറിയക്ക് സമ്മാനിച്ച് സംസാരിക്കുക യായിരുന്നു അദ്ദേഹം. കക്ഷി രാഷ്ട്രീയ ത്തിന്റെ സ്തുതി പാടൽ എഴുത്തുകാരന്റെ ദൗത്യമല്ലെന്ന് സക്കറിയ മറുപടി പ്രസംഗത്തിൽ പറഞ്ഞു.

✪✪✪

കോഴിക്കോടിനെ ഇന്ത്യയിലെ ആദ്യ സാഹിത്യ നഗരമായി തെരഞ്ഞെടുത്തതിന്റെ പ്രഖ്യാപനം മറ്റന്നാൾ വൈകിട്ട് മന്ത്രി M.B രാജേഷ് നിർവഹിക്കുമെന്ന് മേയർ ബീനാ ഫിലിപ്പ് അറിയിച്ചു. ചടങ്ങിൽ കോർപ്പറേഷൻ വജ്രജൂബിലി പുരസ്കാരം എഴുത്തുകാരൻ M.T വാസുദേവൻ നായർക്ക് മന്ത്രി സമ്മാനിക്കും. സാഹിത്യ നഗരത്തിന്റെ ലോഗോ പ്രകാശനവും വെബ് സൈറ്റ് ഉദ്ഘാടനവും മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിക്കും. സാഹിത്യ നഗര കേന്ദ്ര പ്രഖ്യാപനം കൈതപ്രം ദാമോദരൻ നമ്പൂതിരി നടത്തും.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ K.ബൈജുനാഥ് കാസർകോട്ട് നടത്തിയ സിറ്റിങ്ങിൽ 49 പരാതികൾ പരിഗണിച്ചു. 18 പരാതികൾ തീർപ്പാക്കി. പട്ടയം നൽകിയ മിച്ചഭൂമിയുടെ സ്ഥലം അളന്ന് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാൻ കാഞ്ഞങ്ങാട് R.D.Oയ്ക്കും വെള്ളരിക്കുണ്ട് താഹ്സിൽദാർക്കും കമ്മീഷൻ നിർദ്ദേശം നൽകി.

✪✪✪